## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2555      19/06/2013 ൽ മറുപടിയ്ക്ക്

## പിന്നോക്ക വികസന കോർപ്പറേഷനിലെ സാമ്പത്തിക ഇടപാടുകൾ സുതാര്യമാക്കാൻ നടപടി

**ചോദ്യം**      **മറുപടി**

**ഡോ. കെ. ടി. ജലീൽ**

**ശ്രീ. എ.പി. അനിൽകുമാർ**
**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽ ഫിനാൻസ് മാനേജർ തസ്തിക നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ് ; | (എ) | സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ മാനേജർ (ഫിനാൻസ് & അക്കൗണ്ട്സ്) എന്ന തസ്തിക ഉണ്ടായിരുന്നു. 13.11.2006 മുതൽ ടി തസ്തിക ഒഴിഞ്ഞ് കിടക്കുന്നതിനാൽ ഇല്ലാതായതായി കണക്കാക്കാമെന്ന് ഉത്തരവായിരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ ഫൈനാൻസ് വിഭാഗത്തിന്റെ കാര്യക്ഷമതയില്ലാത്ത പ്രവർത്തനങ്ങൾ മൂലം സാമ്പത്തിക ഇടപാടുകളും, റിക്കവറി പ്രവർത്തനങ്ങളും അനിശ്ചിതത്വത്തിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഈ സ്ഥാപനത്തിലെ സാമ്പത്തിക ഇടപാടുകൾ സുതാര്യവും കാര്യക്ഷമവുമാണ്. |

സെക്ഷൻ ഓഫീസർ